■ കവർസ്റ്റോറി

കെ.എ ഖാദിർ ഫൈസി

# പുണ്യവാള പൂജക്കെതിരെ ഇസ്‌ലാമിന്റെ ജാഗ്രത

**ഈ ലോകത്ത് ലക്ഷത്തിൽപരം പ്രവാചകന്മാർ ആഗതരായിട്ടുണ്ട്. പക്ഷേ, മുഹമ്മദി(സ)ന്റേതല്ലാത്ത സകല ഖബ്റുകളും അജ്ഞാതമായോ അനിർണിതമായോ കഴിയുകയാണ് എന്നാണ് പണ്ഡിതാഭിപ്രായം. എന്തിനധികം ഇസ്‌ലാമിനു വേണ്ടി ജീവൻ പോലും ത്യജിച്ച സ്വഹാബിമാരുടെ ഖബ്റുകളിൽ ബഹുഭൂരിഭാഗവും അജ്ഞാതമായി കിടക്കുകയാണ്. സ്വഹാബിവര്യന്മാരുടേതെന്ന് പ്രസിദ്ധമായ പല ഖബ്റുകളും വ്യാജങ്ങളാണെന്നാണ് പണ്ഡിതാഭിപ്രായം.**

**എല്ലാ** പ്രവാചകന്മാരും പ്രബോധനം ചെയ്തത് വ്യക്തമായ തൗഹീദ് (ഏകദൈവത്വം) തന്നെയായിരുന്നു. പക്ഷേ, അത് സ്വീകരിക്കാൻ മുന്നോട്ടുവന്നവർ വിരളം. സ്വീകരിച്ചവരാകട്ടെ, അതിന്റെ പേരിൽ ക്രൂരമായി പീഡിപ്പിക്കപ്പെട്ടു. അങ്ങനെ അവർ വിശ്വാസത്തിനു വേണ്ടി ജീവൻ ത്യജിച്ചു. പിന്നെയതാ വരുന്നു അടുത്ത തലമുറ. ഏകദൈവത്വത്തിന്റെ പേരിൽ ജീവൻ ത്യജിച്ച ആ പുണ്യവാളന്മാരെ ഇവർ ആദരിച്ചു. ആദരവ് ക്രമേണ അതിരു കവിയാൻ തുടങ്ങി. അത് ആരാധനയായി മാറി. അവരെ ദൈവികപദവിയിലേക്കുയർത്തുന്നതിലായിരുന്നു അത് കലാശിച്ചത്. ആ മഹാന്മാർ ഏതെല്ലാം വിശ്വാസാചാരങ്ങളെ ഉന്മൂലനം ചെയ്യാൻ കഠിനാധ്വാനം നടത്തിയോ അതെല്ലാം ഇവർ ആ 'ദൈവങ്ങ'ളിൽ ആരോപിച്ചു. ലോകമതങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ആർക്കും കാണാൻ കഴിയുന്ന വസ്തുതകളാണിവ. പണ്ഡിറ്റ് നെഹ്റു എഴുതി:

"....തങ്ങളുടെ മഹാപുരുഷന്മാരെ ഈശ്വരന്മാരായി കൽപിക്കാൻ മനുഷ്യന് എപ്പോഴും ഇഷ്ടമാണ്. എങ്കിലും അങ്ങനെ സങ്കൽപിക്കുകയല്ലാതെ അവരെ അനുസരിക്കാൻ അവർ ഒരുക്കമല്ല താനും."(പണ്ഡിറ്റ് നെഹ്റു: *വിശ്വചരിത്രാവലോകനം* 1/119)

അങ്ങനെ, അവസാനം പ്രവാചകനായ മുഹമ്മദ് (സ) ആഗതനായ ശേഷം മാത്രമായിരുന്നു അവർ ഈ അപഥ വിശ്വാസാചാരങ്ങളിൽനിന്ന് അകന്നുനിന്നത്. ഖുർആൻ പറയുന്നു: "വിശുദ്ധ ഏടുകൾ വായിച്ചുകൊടുക്കുന്ന പ്രവാചകൻ അവരുടെ അടുക്കൽ വരികയും വ്യക്തമായ തെളിവുകളവർക്ക് നൽകുകയും ചെയ്യുന്നതുവരെ, വേദക്കാരിലും ബഹുദൈവ വിശ്വാസികളിലും പെട്ട സത്യനിഷേധികൾ തങ്ങളുടെ പിഴച്ച മാർഗത്തിൽനിന്ന് വിട്ടുനിന്നില്ല" (*അൽബയ്യിനഃ* 1,2).

### പുണ്യവാളന്മാരും ദേവീദേവന്മാരും

നാളിതുവരെയുള്ള ബഹുദൈവ വിശ്വാസികൾക്ക് ഒരു പരാശക്തിയിലുള്ള വിശ്വാസമുണ്ടായിരുന്നു. സൃഷ്ടി -സംരക്ഷണങ്ങളെല്ലാം അവന്റെ ആധിപത്യത്തിനു കീഴിലാണെന്നും അവൻ സമന്മാരില്ലാത്തവനാണെന്നും അവർ വിശ്വസിച്ചിരുന്നു. ഈ വസ്തുത ഖുർആൻ വ്യക്തമാക്കുന്നു:

"പറയുക, ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നതാരാണ്? അല്ലെങ്കിൽ, കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നതാരാണ്? ജീവനില്ലാത്തതിൽനിന്ന് ജീവനുള്ളതും ജീവനുള്ളതിൽനിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതാരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും; അല്ലാഹു എന്ന്" (*യൂനുസ്* 31).

നിരവധി ഖുർആൻ സൂക്തങ്ങളിൽ ഈ വസ്തുത വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. എങ്കിൽ എവിടെയാണീ ബഹുദൈവവാദം, ശിർക്ക്? തൗഹീദിനെക്കുറിച്ച കാഴ്ചപ്പാടുണ്ടാവുകയാണ് ഇതിന് ഉത്തരം കണ്ടെത്താനുള്ള ഒരു വഴി.

തൗഹീദ് രണ്ടു വിധമുണ്ട്. 'തൗഹീദ് ഫിർറുബൂബിയ്യത്ത്' (രക്ഷാകർതൃത്വത്തിലെ ഏകത്വം) ഉം 'തൗഹീദ് ഫിൽ ഉലൂഹിയ്യത്തി വൽ ഇബാദ'(ദൈവത്വത്തിലും ആരാധനയിലുമുള്ള ഏകത്വം) യും. ഇതിൽ ആദ്യത്തെ തൗഹീദ്- രക്ഷാകർതൃത്വത്തിലെ ഏകത്വം- ബഹുദൈവാരാധകരും വേദക്കാരുമെല്ലാം അംഗീകരിച്ചിരുന്നു. അതാണ് മുൻസൂക്തത്തിൽ നാം കണ്ടത്. ചുരുക്കത്തിൽ പ്രപഞ്ചസൃഷ്ടി, സംരക്ഷണം തുടങ്ങിയ കാര്യങ്ങളിലൊന്നും അല്ലാഹുവിന് പങ്കാളികളില്ലെന്നും അത് അല്ലാഹുവിന്റെ കുത്തകയാണെന്നും അവർ അംഗീകരിച്ചിരുന്നു. അതിനാൽതന്നെ ഈ തൗഹീദ് അവരോട് പ്രബോധനം ചെയ്യേണ്ടിവന്നിട്ടുമില്ല. എന്നാൽ, ഓരോ പ്രവാചകൻ വരുമ്പോഴും സമകാലീനരായ ജനത ചോദിച്ചിരുന്ന ഒരു ചോദ്യമുണ്ട്: 'ഞങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കാനും ഞങ്ങളുടെ പിതാക്കൾ ആരാധിച്ചിരുന്നതിനെ ഞങ്ങൾ വിട്ടുകളയാനും വേണ്ടിയാണോ നീ ഞങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്?' (*അൽഅഅ്റാഫ്* 70).

അപ്പോൾ, ആരാധനയിൽ അല്ലാഹുവിന് പങ്കാളികളെ സങ്കൽപിച്ചുവെന്നതായിരുന്നു അവരുടെ ശിർക്ക് എന്ന് വ്യക്തമാണ്. ഈ ശിർക്കായിരുന്നു അവർ മുറുകെപ്പിടിച്ചിരുന്നത്. അതിനവർ തങ്ങളുടേതായ ന്യായീകരണങ്ങളും കണ്ടെത്തിയിരുന്നു. അല്ലാഹുവിന് തങ്ങൾ സങ്കൽപിച്ച പങ്കാളികളായ പുണ്യവാളന്മാരും ദേവീ ദേവന്മാരും തങ്ങളെ അല്ലാഹുവുമായി കൂടുതൽ അടുപ്പിക്കുമെന്നും(*അസ്സുമർ* 3), അവർ തങ്ങൾക്ക് വേണ്ടി അല്ലാഹുവിന്റെ സന്നിധിയിൽ ശിപാർശ നടത്തുമെന്നു (*യൂനുസ്* 18)മായിരുന്നു ന്യായീകരണങ്ങൾ.

ഈ ആവശ്യാർഥമാണ് അവർ മലക്കുകളെയും ജിന്നു

കളെയും പുണ്യവാളന്മാരെയും സൂര്യ-ചന്ദ്ര-നക്ഷത്രാദികളെയും പരേതാത്മാക്കളെയും ശിലാ-മരങ്ങളെയുമെല്ലാം ആരാധിച്ചത്. എന്തിനധികം, വിഗ്രഹാരാധനക്ക് കണ്ടെത്തിയ ന്യായീകരണവും ഇതുതന്നെയായിരുന്നു. അപ്പോൾ ഇസ്‌ലാം കഠിനമായി എതിർത്ത ശിർക്ക് ഇതുതന്നെയാണ്. ഇവക്കൊന്നും യാതൊരു കഴിവുമില്ലെന്നും ഇവയെ ആരാധിക്കുന്നത് തികച്ചും ബുദ്ധിശൂന്യമായ പ്രവൃത്തിയാണെന്നും ഖുർആൻ പറയുന്നു: “അല്ലാഹുവിന് പുറമെ നിങ്ങൾക്ക് ഗുണമോ ദോഷമോ അധീനതയിൽ വെക്കാത്തതിനെ നിങ്ങൾ ആരാധിക്കുന്നുവോ എന്ന് നീ ചോദിക്കുക” (*അൽമാഇദ*) “ഇതെത്ര അധമത്വമാണ്! നിങ്ങൾ ബുദ്ധി പ്രയോഗിക്കുന്നില്ലേ?” (*അൽ അമ്പിയാഅ്*).

ഈസാ(അ)യുടെ മഹത്വം ഖുർആൻ എടുത്തുകാണിച്ചിട്ടുണ്ട്. എന്നിട്ടും അദ്ദേഹത്തെ ആരാധിക്കുന്നത് കഠിനമായി അധിക്ഷേപിക്കുകയാണ് ഖുർആൻ. അങ്ങനെയെങ്കിൽ എത്രയോ താണ പടിയിലുള്ള പുണ്യവാളന്മാരുടെ കാര്യം പറയേണ്ടതില്ലല്ലോ. അവരുടെ വിശ്വാസങ്ങളെയും ന്യായവാദങ്ങളെയും എത്ര ശക്തമായ രീതിയിലാണ് ഖുർആൻ ഖണ്ഡിച്ചിരിക്കുന്നത്. ഇവരുടെ ശിപാർശ കൊണ്ടൊന്നും യാതൊരു രക്ഷയുമില്ലെന്നും (*യാസീൻ*) ഇവരുടെ പക്കൽനിന്ന് ഒരു ഈച്ച വല്ലതും തട്ടിയെടുക്കുകയാണെങ്കിൽ അത് തിരിച്ചുവാങ്ങാൻ പോലും ഇവർക്കാവുകയില്ലെന്നും അർഥിക്കുന്നവനും അർഥിക്കപ്പെടുന്നവനും ഈ കാര്യത്തിൽ ബലഹീനരാണെന്നും (*അൽഹജ്ജ്*) ഖുർആൻ അവരെ ബോധ്യപ്പെടുത്തി. ഇവർ മരിച്ചുപോയവരാണെന്നും ഇനി ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നതെന്നാണെന്ന് അറിയാത്തവരാണെന്നും (*അന്നഹ്ൽ*) ഒരു ഈത്തപ്പനക്കുരുവിന്റെ പാട പോലും ഇവരുടെ ഉടമസ്ഥതയിലില്ലെന്നും പ്രാർഥിച്ചാൽ ഇവർ കേൾക്കുകയില്ലെന്നും കേട്ടാൽ തന്നെ പരിഹാരം നൽകാൻ അശക്തരാണെന്നും മാത്രമല്ല, തങ്ങൾ അല്ലാഹുവിൽ പങ്കുചേർക്കപ്പെട്ട കാര്യം അവർ നിഷേധിച്ചുകളയുമെന്നും (*ഫാത്വിർ*) ഖുർആൻ പ്രഖ്യാപിച്ചു. വലിയൊരു വിഭാഗത്തിന്റെ ആരാധ്യനായി മാറിയ ഈസാ(അ) ഇതിന്റെ പേരിൽ പരലോകത്ത് ചോദ്യം ചെയ്യപ്പെടുമെന്നും അദ്ദേഹം ശക്തിയായ ഭാഷയിൽ അത് നിഷേധിക്കുമെന്നും *അൽ മാഇദ* 116,117 സൂക്തങ്ങളിൽ വിവരിക്കുന്നു. അവസാനം വേദക്കാരോട് പറയാനായി അല്ലാഹു പ്രവാചകനോട് കൽപിക്കുന്നു: “പറയുക: വേദക്കാരേ, സത്യത്തിനെതിരായിക്കൊണ്ട് നിങ്ങളുടെ മതകാര്യത്തിൽ നിങ്ങൾ അതിരു കവിയരുത്. മുമ്പേ പിഴച്ചുപോവുകയും ധാരാളം പേരെ പിഴപ്പിക്കുകയും നേർമാർഗത്തിൽനിന്ന് തെറ്റിപ്പോവുകയും ചെയ്ത ഒരു ജനവിഭാഗത്തിന്റെ തന്നിഷ്ടങ്ങളെ നിങ്ങൾ പിൻപറ്റുകയും ചെയ്യരുത്” (*അൽ മാഇദ* 77).

### ശിർക്കിനെതിരെ നിതാന്ത ജാഗ്രത

ഖുർആൻ എടുത്തു കാണിച്ച ഈ സത്യങ്ങൾ പൂർണമായി ഗ്രഹിച്ച ഒരു ജനതയെയായിരുന്നു നബി(സ) വാർത്തെടുത്തത്. തദാവശ്യാർഥം കഅ്ബക്കകത്തും പുറത്തുമുള്ള സകല വിഗ്രഹങ്ങളും തച്ചുടക്കുക മാത്രമല്ല, വിഗ്രഹാരാധനയിലേക്ക് നയിക്കുന്ന എല്ലാ കവാടങ്ങളും അടച്ചുകളയുകയും ചെയ്തു. കെട്ടിപ്പൊക്കിയ ഖബ്‌റുകൾ നിരപ്പാക്കിയതും അവയൊന്നും അവശേഷിപ്പിക്കരുതെന്ന് അനുയായികൾക്ക് നിർദേശം നൽകിയതും ഇതിനുവേണ്ടിയായിരുന്നു. ആദ്യഘട്ടത്തിൽ ഖബ്ർ സിയാറത്ത് നിരുപാധികം നിരോധിച്ചതിന്റെ കാരണവും മറ്റൊന്നായിരുന്നില്ല. പിന്നീട് ശിർക്ക് ജനങ്ങളിൽനിന്ന് പൂർണമായി വിടപറഞ്ഞുവെന്നുറപ്പായ ശേഷമാണ് അക്കാര്യത്തിൽ ഇളവു നൽകപ്പെട്ടത്; ഖബ്ർ സന്ദർശനത്തിന്റെ ലക്ഷ്യം മരണസ്മരണയും പരേതർക്കുവേണ്ടിയുള്ള പ്രാർഥനയുമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട്.

ഖബ്‌റുകൾക്ക് മുകളിൽ നിർമിക്കപ്പെടുന്ന കെട്ടിടങ്ങളെയും ഗോപുരങ്ങളെയും ശക്തിയായ ഭാഷയിലായിരുന്നു പ്രവാചകൻ(സ) അധിക്ഷേപിച്ചത്. അബ്സീനിയയിൽ തങ്ങൾ കണ്ട സെന്റ് മേരീസ് ചർച്ചിന്റെ മനോഹാരിത വിവരിച്ച തിരുപത്നിമാരായ ഉമ്മു സൽമ(റ)യോടും ഉമ്മു ഹബീബ(റ)യോടും അവിടുന്ന് പറഞ്ഞു: “ഒരു പുണ്യവാളൻ മരിച്ചാൽ അവരുടെ ഖബ്‌റുകളിന്മേൽ ആരാധനാലയങ്ങളുണ്ടാക്കുന്ന വിഭാഗമാണവർ..... അന്ത്യദിനത്തിൽ ദൈവസന്നിധിയിൽ ഏറ്റവും ദുഷിച്ച ജനത.” (ബുഖാരി, മുസ്‌ലിം)

ഖബ്‌റുകളിന്മേൽ കെട്ടിടമുണ്ടാക്കി അതിനെ ആരാധനാലയമാക്കുന്നത് ശിർക്കിലേക്കുള്ള ഹ്രസ്വ പാതയാണെന്ന് മനസ്സിലാക്കിയ പ്രവാചകൻ തന്റെ മരണാസന്നവേളയിൽ പോലും ഇതേക്കുറിച്ച് ഓർമിപ്പിച്ചിട്ടുണ്ട്: ‘ജൂത-ക്രൈസ്തവരെ അല്ലാഹു ശപിച്ചിരിക്കുന്നു. തങ്ങളുടെ പ്രവാചകന്മാരുടെ ഖബ്‌റുകൾ ആരാധനാലയങ്ങളാക്കിയവരാണവർ’(ബുഖാരി). മരണത്തിന് അഞ്ചു ദിവസം മുമ്പ് നൽകിയ ഉപദേശങ്ങളിൽ അവിടുന്ന് പറഞ്ഞു: ‘അറിയുക. നിങ്ങളുടെ മുൻഗാമികൾ തങ്ങളുടെ പ്രവാചകന്മാരുടെയും പുണ്യവാളന്മാരുടെയും ഖബ്‌റുകളെ ആരാധനാലയങ്ങളാക്കിയിരുന്നു. മനസ്സിലാക്കണം, നിങ്ങൾ ഖബ്‌റുകളെ ആരാധനാലയങ്ങളാക്കരുത്. ഞാനത് നിരോധിക്കുന്നു’(മുസ്‌ലിം). മാത്രമല്ല, മുൻ പ്രവാചകന്മാരുടെ ഖബ്‌റുകൾക്ക് വന്നെത്തിയ പരിണതി തന്റെ ഖബ്‌റിന് വന്നുഭവിക്കാതിരിക്കാൻ അവിടുന്ന് പ്രാർഥിക്കുകകൂടി ചെയ്തു: ‘അല്ലാഹുവേ, എന്റെ ഖബ്‌റിനെ ഒരു വിഗ്രഹമാക്കരുതേ; പ്രവാചകന്മാരുടെ ഖബ്‌റുകളെ ആരാധനാലയങ്ങളാക്കിമാറ്റിയ ജനതയെ അല്ലാഹു ശപിച്ചിരിക്കുന്നു’(അഹ്മദ്)അനുയായികളോട് കണിശമായി അവിടുന്ന് നിരോധിച്ചു: ‘നിങ്ങൾ ഭവനങ്ങൾ ഖബ്‌റിടങ്ങളാക്കരുത്. എന്റെ ഖബ്‌റിനെ ഉത്സവകേന്ദ്രങ്ങളുമാക്കരുത്. എന്റെ മേൽ സ്വലാത്ത് ചൊല്ലിക്കോളൂ. നിങ്ങളെവിടെയാണെങ്കിലും നിങ്ങളുടെ സ്വലാത്ത് എനിക്കെത്തുന്നതാണ്’(അബൂദാവൂദ്).

മരണാസന്നവേളയിൽപോലും തിരുമേനി(സ) സമുദായത്തെ ഓർമപ്പെടുത്തിയ ഈ കാര്യം സ്വഹാബിമാർ അതർഹിക്കുന്ന ഗൗരവത്തിലെടുത്തു. തിരുമേനി(സ) വഫാത്തായത് ആഇശ(റ)യുടെ വീട്ടിലായിരുന്നു. അവിടെതന്നെയാണ് മറവു ചെയ്യപ്പെട്ടതും. പിന്നീട് ആഇശ(റ) മുറിയിൽ ഒരു ഭിത്തിയുണ്ടാക്കി ഖബ്ർ വേർതിരിച്ചു നിർത്തി. അബ്ദുല്ലാഹിബ്നു സുബൈറിന്റെ കാലത്ത് അദ്ദേഹം അതിന്റെ കേടുപാടുകൾ തീർത്തുവെങ്കിലും ഖബ്‌റിന്മേൽ യാതൊരു മാറ്റവും വരുത്തിയില്ല. പിന്നെ ഉമറുബ്നു അബ്ദിൽ അസീസ്(റ) ഗവർണറായിരുന്നപ്പോൾ മുറിയുടെ പടിഞ്ഞാറ് ഭാഗത്തെ ചുമർ ഇടിഞ്ഞു വീണു. അദ്ദേഹത്തിന്റെ നിർദേശാനുസരണം ഇബ്നു സാഹിം മുറി വൃത്തിയാക്കി ചുമർ നേരെയാക്കി, അത്രമാത്രം. ഖലീഫാ അബ്ദുൽ മലികിന്റെ കാലത്ത് പള്ളി വിപുലീകരണാർഥം മുറി പള്ളിയിലുൾപ്പെടുത്താൻ കൽപനയുണ്ടായപ്പോൾ മദീനാ മുനവ്വറയിലെ പണ്ഡിതന്മാർ അതിഷ്ടപ്പെട്ടില്ല. ഖബ്‌റുകൾ വേറിട്ടുതന്നെ നിൽക്കണമെന്നും അത് പള്ളിക്കുള്ളിലാകുന്നത് ശരിയല്ലെന്നുമായിരുന്നു അവരുടെ അഭിപ്രായം. ഉമറുബ്നു അബ്ദിൽ അസീസി(റ)ന്റെ കാലത്ത് വടക്കു ഭാഗത്ത് ഒരു മൂല കൂടി വർധിപ്പിച്ചു. മുറി പഞ്ചകോണാകൃതിയിലാക്കപ്പെട്ടു. ഖബ്‌റിനു നേരെ സുജൂദ് ചെയ്യപ്പെടാതിരിക്കാനായിരുന്നു അത്. നബി(സ)യുടെ ഖബ്ർ ആരാധിക്കപ്പെടാതിരിക്കാൻ അനുയായികൾ എന്തു മാത്രം ശ്രദ്ധയാണ് പതിപ്പിച്ചതെന്ന് ഇത് വിളിച്ചോതുന്നു.

ഇവ്വിഷയകമായി സ്വഹാബിമാരുടെ നിലപാട് എത്ര മാത്രം കണിശമായിരുന്നുവെന്ന് ഉമറി(റ)ന്റെ കാലത്തെ ഒരു സംഭവം വ്യക്തമാക്കുന്നു:

തസ്തർ പിടിച്ചെടുക്കുമ്പോൾ ഹുർമുസിന്റെ ഖജനാവിൽ ഒരു ശവമഞ്ചമുണ്ടായിരുന്നു. ക്ഷാമകാലത്ത് അത് പുറത്തെടുക്കാറുണ്ടായിരുന്നുവത്രെ. ആ മൃതദേഹത്തിന്റെ ശിരോഭാഗത്തുണ്ടായിരുന്ന ലിഖിതം ഉമറി(റ)ന്റെ മുമ്പിൽ ഹാജരാ

ക്കപ്പെടുകയും അദ്ദേഹത്തിന്റെ ആജ്ഞ പ്രകാരം കഅ്ബ് അത് അറബിയിൽ പകർത്തുകയും ചെയ്തു. ശേഷം ഉമറിന്റെ നിർദേശപ്രകാരം അങ്ങിങ്ങായി 13 ഖബ്റുകൾ കുഴിപ്പിച്ചു. രാത്രി മൃതദേഹം സംസ്കരിച്ച ശേഷം മറ്റെല്ലാ ഖബ്റുകളും മണ്ണിട്ട് മൂടി. ആളുകൾക്ക് ഖബ്ർ വ്യക്തമാകാതിരിക്കാനും അവരത് മാന്തിയെടുക്കാതിരിക്കാനുമായിരുന്നു ഇങ്ങനെ ചെയ്തത്. 300 വർഷം മുമ്പുണ്ടായിരുന്ന ദാനിയേൽ എന്നയാളുടെ മൃതദേഹമായിരുന്നു അത്. മഴയില്ലാത്ത അവസരങ്ങളിൽ മഴ ലഭിക്കാനായി ഈ ശവമഞ്ചം അവർ പുറത്തെടുക്കാറുണ്ടായിരുന്നത്രെ (ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ, *ഇഖ്തിദാഉസ്സിറാതിൽ മുസ്തഖീം*. പേജ് 339).

നിഷിദ്ധമായ പുണ്യവാള പൂജയിൽ ആളുകൾ ആപതിച്ചേക്കുമോ എന്ന് ഭയന്ന മുഹാജിറുകളും അൻസ്വാറുകളും ഒരുപ്രവാചകന്റേതെന്ന് കരുതപ്പെടുന്ന അത്ഭുത മൃതദേഹത്തെ കൈകാര്യം ചെയ്ത രീതിയാണിത്. ഇത് അനാദരവാണെന്ന് സ്വഹാബിമാരിലാരും വിധിയെഴുതിയില്ലായെന്നത് ശ്രദ്ധേയമാണ്.

ഈ ലോകത്ത് ലക്ഷത്തിൽപരം പ്രവാചകന്മാർ ആഗതരായിട്ടുണ്ട്. പക്ഷേ, മുഹമ്മദി(സ)ന്റേതല്ലാത്ത സകല ഖബ്റുകളും അജ്ഞാതമായോ അനിർണിതമായോ കഴിയുകയാണ് എന്നാണ് പണ്ഡിതാഭിപ്രായം. എന്തിനധികം ഇസ്‌ലാമിനു വേണ്ടി ജീവൻ പോലും ത്യജിച്ച സ്വഹാബിമാരുടെ ഖബ്റുകളിൽ ബഹുഭൂരിഭാഗവും അജ്ഞാതമായി കിടക്കുകയാണ്. സ്വഹാബിവര്യന്മാരുടേതെന്ന് പ്രസിദ്ധമായ പല ഖബ്റുകളും വ്യാജങ്ങളാണെന്നാണ് പണ്ഡിതാഭിപ്രായം. ദമസ്കസിലെ ഉബയ്യുബ്നു കഅ്ബിന്റെ മശ്ഹദ്, അവിടത്തെ ജുമുഅത്ത് പള്ളിക്കടുത്തുള്ള ഹൂദി(അ)ന്റെ ഖബ്ർ, ഉവൈസുൽ ഖർനിയുടെ ഖബ്ർ എന്നിവ ഈ പട്ടികയിലെ ഉദാഹരണങ്ങൾ മാത്രം (Ibid പേജ് 316,317).

അങ്ങനെയെങ്കിൽ യഥാർഥ ഖബ്റുകൾ എവിടെ? മഹാന്മാരുടെ ഖബ്റുകൾ തേടിപ്പിടിച്ച് അവയിന്മേൽ കെട്ടിടവും ഗോപുരവും ഉണ്ടാക്കി നിരന്തരം സിയാറത്ത് നടത്തി അവയെ ആരാധനാലയങ്ങളാക്കി മാറ്റുന്നത് അവർ ഭയപ്പെട്ടിരുന്നുവെന്നാണല്ലോ ഇതിൽനിന്ന് മനസ്സിലാകുന്നത്. അതേ, തിരുനബി(സ)യുടെ കൽപന അവർ അക്ഷരംപ്രതി പാലിച്ചു. ഖബ്റുമായി ബന്ധപ്പെട്ട ഇത്തരം കർമങ്ങൾ പുണ്യങ്ങളായിരുന്നുവെങ്കിൽ അവിടുന്ന് അവ പരിരക്ഷിക്കാൻ നിർദേശം നൽകുമായിരുന്നല്ലോ. അതിനാൽതന്നെ, ഫലസിദ്ധികൾക്കായി അവർ ഖബ്റുകളെ സമീപിച്ചില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ മശ്ഹദുകളാലും മസാറുകളാലും മുസ്‌ലിംലോകം നിറയുമായിരുന്നുവല്ലോ.

എന്നാൽ പുണ്യവാള പൂജക്കെതിരെ പ്രവാചകാനുചരന്മാരുടെ പോരാട്ടം കേവലം ഖബ്റാരാധന തടയുന്നതിൽ പരിമിതമായിരുന്നില്ല. മഅ്റൂറുബ്നു സുവൈദ് ഉദ്ധരിച്ച ഒരു സംഭവം ഈ വസ്തുത വിളിച്ചോതുന്നു: "ഒരിക്കൽ ഞങ്ങൾ ഉമറി(റ)നോടൊപ്പം ഹജ്ജിന് പോയതായിരുന്നു.... ഹജ്ജ് കഴിഞ്ഞ ശേഷം ആളുകൾ ധൃതിപിടിച്ചുപോകുന്നത് കണ്ട ഉമർ(റ) ചോദിച്ചു: 'ഇതെന്താണ്?' ഒരാൾ പറഞ്ഞു: 'തിരുമേനി നമസ്കരിച്ച ഒരു പള്ളിയുണ്ട്.' ഉമർ: വേദക്കാർ നശിച്ചത് ഇങ്ങനെയാണ്. പ്രവാചകന്മാരുടെ ഖബ്റിടങ്ങൾ അവർ ആരാധനാലയങ്ങളാക്കുകയായിരുന്നു. അതിനടുത്ത് വെച്ച് നമസ്കാരമാസന്നമായാൽ അതിൽ നമസ്കരിച്ചുകൊള്ളുക. അല്ലെങ്കിൽ അരുത്."

മറ്റൊരവസരത്തിൽ തിരുമേനി(സ) അനുയായികളിൽനിന്ന് അനുസരണപ്രതിജ്ഞ (ബൈഅത്ത്) വാങ്ങിയ വൃക്ഷത്തിനടുത്തേക്ക് ചിലയാളുകൾ പോകുന്നത് ഉമറി(റ)ന്റെ ശ്രദ്ധയിൽപെട്ടു. ഉടനെ ആ മരം മുറിക്കാൻ അദ്ദേഹം കൽപന പുറപ്പെടുവിക്കുകയായിരുന്നു (അഹ്മദുബ്നു യഹ്‌യാ നജ്മി: *ഔദഉൽ ഇശാറാ ഫിർറദ്ദി അലാമൻ അജാസൽ മംനൂഅ മിനസ്സിയാറ*, പേജ് 51).

'ത്വൂർ' പർവതം സന്ദർശിക്കാൻ അനുമതി തേടിയ ഖുസാഅയോട് ഇബ്നു ഉമർ(റ) പറഞ്ഞു: 'ത്വൂർ വിട്ടേക്കുക. അവിടെ പോകരുത്. മൂന്ന് പള്ളികളിലേക്ക് മാത്രമേ വാഹനം സജ്ജീകരിച്ച് യാത്ര പോകാവൂ എന്ന് നബി(സ) അരുളിയിരിക്കുന്നു'(Ibid)

ഉസ്മാൻ(റ) ഒരു ഖബ്ർ നിരപ്പാക്കാൻ കൽപിച്ചപ്പോൾ ഒരാൾ: 'ഇത് ഉമ്മു അംറ് ബിൻത് ഉസ്മാന്റെ ഖബ്റാണല്ലോ.' പക്ഷേ, അദ്ദേഹത്തിന്റെ നിർദേശാനുസാരം അത് നിരപ്പാക്കപ്പെടുകയായിരുന്നു.

മരണശയ്യയിൽ വെച്ച് അബൂമൂസൽ അശ്അരി നൽകിയ വസ്വിയ്യത്തിൽ ഒന്ന്, തന്റെ ഖബ്റിന്മേൽ കെട്ടിടമുണ്ടാക്കരുതെന്നായിരുന്നു (Ibid പേജ് 50).

ഇങ്ങനെ പുണ്യവാള പൂജയെയും അതിലേക്ക് നയിക്കുന്ന എല്ലാ കവാടങ്ങളെയും സ്വഹാബിമാരും താബിഉകളും മറ്റും കണിശമായി നിരോധിച്ചിരുന്നു. ജാഹിലിയ്യാ കാലത്തെ പല ആചാരങ്ങളെയും അവ നിർദോഷങ്ങളാണെങ്കിൽ പോലും ഭയത്തോടെയായിരുന്നു അവർ നോക്കിക്കണ്ടിരുന്നത്. തിരുമേനി(സ)യോട് അന്വേഷിച്ചതിനു ശേഷം മാത്രമേ നിർദോഷമായവ പോലും കൈക്കൊണ്ടിരുന്നുള്ളൂ. അറിയാതെ ശിർക്കിൽ ചെന്നു ചാടുന്നത് അത്രമാത്രം അവർ ഭയപ്പെട്ടിരുന്നുവെന്ന് ചുരുക്കം. ബുവാനയിൽ വെച്ച് ഒട്ടകമറുക്കാൻ നേർച്ചയാക്കിയ ആളുടെ കഥ ഉദാഹരണം. തിരുമേനി(സ)യോട് അന്വേഷിച്ചപ്പോൾ അവിടുന്ന് ചോദിച്ചു: 'അവിടെ ജാഹിലിയ്യാ കാലത്ത് വല്ല വിഗ്രഹവും ആരാധിക്കപ്പെട്ടിട്ടുണ്ടോ?' അവർ: 'ഇല്ല.' തിരുമേനി(സ): 'അവരുടെ വല്ല ഉത്സവങ്ങളും അവിടെ നടക്കാറുണ്ടോ?' അവർ: 'ഇല്ല.' തിരുമേനി(സ): 'എങ്കിൽ നേർച്ച വീട്ടുക. ദൈവവിരുദ്ധമായ കാര്യത്തിൽ നേർച്ചയില്ല' (അബൂദാവൂദ്).

(തുടരും)